
അഭിമുഖം

മുട്ടാണിശ്ശേരിൽ കോയാകുട്ടി മൗലവി / സദ്റുദ്ദീൻ വാഴക്കാട്



# ഖുർആൻ-ശാസ്ത്ര ഗവേഷണം
# മുഖ്യ അജണ്ടയാകണം

*"അല്ലാഹു നിശ്ചയിച്ച കാലം വരെ ഇവിടെ കിടക്കണം. അതിൽ നമ്മുടെ അഭിപ്രായത്തിന് ഇടമില്ലല്ലോ. ജീവിതത്തിൽ സംതൃപ്തിയുണ്ട്. ഖുർആൻ പറഞ്ഞത് ഓർമയില്ലേ; 'സമാധാനം പ്രാപിച്ച ആത്മാവേ, നിന്റെ റബ്ബിലേക്ക് നീ മടങ്ങിവരൂ. തൃപ്തിപ്പെട്ട്, തൃപ്തിഭാജനമായി. എന്റെ അടിയാന്മാരുടെ കൂട്ടത്തിൽ പ്രവേശിക്കൂ. എന്റെ സ്വർഗത്തിൽ പ്രവേശിക്കൂ.' സ്വർഗത്തെ കുറിച്ച് ഖുർആൻ ധാരാളം, പറഞ്ഞിട്ടുണ്ടെങ്കിലും 'എന്റെ സ്വർഗം' എന്ന് അല്ലാഹു വിശേഷിപ്പിച്ചത് ഇവിടെ മാത്രമാണ്."*

നാലു മാസങ്ങൾക്കുമുമ്പ്, കായംകുളത്തിനടുത്ത് കട്ടച്ചിറയിലെ മകളുടെ വീട്ടിൽവെച്ച് മുട്ടാണിശ്ശേരിൽ കോയാകുട്ടി മൗലവിയെ കാണാൻ അവസരം ലഭിച്ചപ്പോൾ അദ്ദേഹം സംഭാഷണം ആരംഭിച്ചത് ഇങ്ങനെയായിരുന്നു. രോഗവും പ്രായവും ശരീരത്തെ അൽപം തളർത്തിയെങ്കിലും ഓർമകളും ചിന്തയും സജീവം. പക്ഷേ, ഒരു വിടവാങ്ങലിന്റെ സ്വരം സംസാരത്തിലുടനീളമുണ്ടായിരുന്നു. 2009-ൽ, പ്രബോധനം 60-ാം വാർഷികപ്പതിപ്പിലേക്ക് അഭിമുഖം തയാറാക്കാനാണ് അദ്ദേഹത്തെ ആദ്യമായി സന്ദർശിച്ചത്. ഒരു മുഴു ദിവസം നീണ്ട അന്നത്തെ സംഭാഷണത്തിൽ അദ്ദേഹത്തിന്റെ അറിവിന്റെ ആഴവും പരപ്പും മാത്രമല്ല, ചരിത്രത്തെയും വർത്തമാനത്തെയും നിരീക്ഷിക്കുന്നതിലുള്ള പാടവവും എന്നെ

# മുട്ടാണിശ്ശേരിൽ കോയാകുട്ടി മൗലവി
## (1926–2013)

**കായംകുളം** കൊറ്റുകുളങ്ങര മുട്ടാണിശ്ശേരിൽ എം. മുഹമ്മദ് കുഞ്ഞിന്റെയും അവുകാദർ ഉമ്മയുടെയും മകനായി 1926 ആഗസ്റ്റ് 14-ന് ജനനം. കായംകുളം ബോയ്സ് സ്കൂൾ, തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളേജ്, കൊല്ലം എസ്.എൻ കോളേജ് എന്നിവിടങ്ങളിൽ പഠനം. ഫിസിക്സിൽ ബിരുദം. ഇസ്‌ലാമിക വിജ്ഞാന മേഖലയിൽ സ്വപ്രയത്നത്താൽ വ്യുൽപത്തി നേടി. 1958-ൽ തുടങ്ങി 1965-ൽ മൗലവി പൂർത്തിയാക്കിയ ഖുർആൻ വിവർത്തനമാണ് മലയാളത്തിലെ ആദ്യ സമ്പൂർണ ഖുർആൻ പരിഭാഷ. ഇംഗ്ലീഷിലും മലയാളത്തിലുമായി നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. ഖുർആനിലെ ശാസ്ത്ര വിഷയങ്ങളായിരുന്നു കൂടുതൽ കൈകാര്യം ചെയ്തിരുന്നത്. ഇമാം ഗസാലിയുടെ മിശ്കാത്തുൽ അൻവാറും പരിഭാഷപ്പെടുത്തി. ഇബ്നു ഖൽദൂന്റെ മുഖദ്ദിമയുടെ ഭാഷാന്തരം 1984-ൽ *മാതൃഭൂമി* ബുക്സിലൂടെ പുറത്തുവന്നു. ഇസ്‌ലാം ഒരു വിശകലന പഠനം, ഖുർആനിലെ ഉപമകൾ, ഖുർആൻ പഠനത്തിന് ഒരു പുതിയ മാതൃക, സയൻസ് ബിഹൈൻഡ് ദ മിറക്ൾ, ദ ചലഞ്ച്, ദ മെതേഡ് ഇൻദ ഖുർആൻ, ശാസ്ത്ര വേദ സംഗമം, യേശു ക്രൂശിക്കപ്പെട്ടുവോ, പ്രകാശങ്ങളുടെ ദിവ്യനാളം തുടങ്ങിയവയാണ് പ്രധാന കൃതികൾ. *ഒമാൻ ഒബ്സെർവർ* ദിനപത്രത്തിൽ ഒന്നര വർഷം കോളമിസ്റ്റായിരുന്നു.

1967-ൽ ഖുർആൻ പരിഭാഷക്ക് കേരള സാഹിത്യ അക്കാദമിയുടെ മികച്ച തർജമക്കുള്ള അവാർഡ് ലഭിച്ചു. 2008-ൽ സി.എൻ അഹ്മദ് മൗലവി അവാർഡും 2009-ൽ കുട്ട്യമ്മു സാഹിബ് സ്മാരക അവാർഡും നേടി. ഭാര്യ നഫീസാ ബീവി. മക്കൾ നസീമാ ബീവി, ആമിനാ ബീവി, താഹാ ഹുസൈൻ, ഷാദിയ, മഖ്ബൂൽ ഹുസൈൻ.

വല്ലാതെ അത്ഭുതപ്പെടുത്തി. സന്ദർശനങ്ങളും ടെലിഫോൺ സംഭാഷണങ്ങളുമായി പിന്നീട് സൗഹൃദം തുടർന്നു. ദക്ഷിണ കേരളത്തിലെ ഇസ്‌ലാം-മുസ്‌ലിം ചരിത്രരചനയുടെ ഭാഗമായുള്ള യാത്രക്കിടയിലാണ് നാല് മാസം മുമ്പ് മൗലവിയെ അവസാനമായി കാണുന്നത്. രണ്ട് മണിക്കൂറോളം അന്നദ്ദേഹം സംസാരിച്ചു. ഔപചാരികതകളോടെ ചോദ്യോത്തര രൂപത്തിലുള്ള ഒരു അഭിമുഖമായിരുന്നില്ല അത്. ആ സംഭാഷണത്തിലെ ചില പ്രധാന ഭാഗങ്ങൾ മാത്രമേ ഇപ്പോൾ ഇവിടെ പകർത്തുന്നുള്ളൂ.

### പുതിയ ഇസ്‌ലാം വായനകൾ

ഞാൻ ചോദിച്ചു, എന്താണ് ഇപ്പോഴത്തെ അവസ്ഥ, പുതിയ രചനകളെന്തെങ്കിലും? അദ്ദേഹം പറഞ്ഞുതുടങ്ങി.....

ഇസ്‌ലാമിനെ കുറിച്ച് ആധുനിക കാഴ്ചപ്പാടിൽ ഒരുപാട് കാര്യങ്ങൾ ഇനിയും പഠിക്കാനുണ്ട്, ഒരുപാട് എഴുതാനുണ്ട്. അതിന് വേണ്ടത്ര ആശയങ്ങൾ ഖുർആൻ തരുന്നുണ്ട്. പക്ഷേ, അത് അന്വേഷിച്ചു പോകാൻ നമുക്ക് സമയമില്ല. പരസ്പരമുള്ള തർക്കങ്ങളിലാണ് ആളുകൾ സമയം പാഴാക്കുന്നത്. എന്താണ് ഇന്നത്തെ കാലത്ത് ഖുർആൻ തരുന്ന ആശയം എന്നൊന്നും പലരും ചിന്തിക്കുന്നില്ല. ഖുർആനെയു ശാസ്ത്രത്തെയും ബന്ധിപ്പിച്ചുകൊണ്ട് പുതിയ ഗവേഷണങ്ങൾ നടക്കേണ്ടതുണ്ട്.

ബ്രാഹ്മണരായ രണ്ട് മെഡിക്കൽ വിദ്യാർഥികൾ മദ്രാസിൽനിന്ന് ഇവിടെ വന്നിരുന്നു. എന്നെക്കുറിച്ച് എവിടെനിന്നോ കേട്ടറിഞ്ഞ് വന്നതാണ്! എന്താണ് ഈ ജീവിതത്തിന്റെ അർഥം? ഇതായിരുന്നു അവരുടെ പ്രധാന ചോദ്യം. നല്ല ചോദ്യം, എനിക്കിഷ്ടപ്പെട്ടു. കാരണം, എനിക്കിതിന് നല്ലൊരു മറുപടിയുണ്ട്. യഥാർഥത്തിൽ, ഈ ചോദ്യത്തിന്റെ ഉത്തരമായാണ് വിശുദ്ധ ഖുർആൻ ഇറങ്ങിയത്. നബി ഈ ചോദ്യം മനസ്സിൽ ചോദിച്ചിരുന്നതായി ഖുർആനിന്റെ മറുപടിയിൽനിന്ന് നമുക്ക് മനസ്സിലാക്കാം. 'വായിക്ക്, നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്ക്'-ഇതാണ് ഈ ചോദ്യത്തിനുള്ള മറുപടി. റബ്ബ് എന്ന പദമാണതിന്റെ താക്കോൽ. ഒരു വസ്തുവിനെ ഏറ്റവും പ്രാഥമിക പടിയിൽ നിന്ന് പോറ്റി വളർത്തി പൂർണതയിൽ എത്തിക്കുന്നവൻ എന്നാണ് റബ്ബിന്റെ അർഥം. സൃഷ്ടിക്കുന്നവൻ എന്ന് അതിന് അർഥമില്ല. രക്തക്കട്ടയിൽ നിന്ന് മനുഷ്യനെ ഉണ്ടാക്കിയെടുത്തത് ഇതിന്റെ നല്ലൊരു ഉദാഹരണമാണ്. രക്തക്കട്ടയെന്നാൽ 23 കോടി ക്രോമോസോം മാത്രമാണ്. അത് ഒരു കുട്ടിയായി രൂപപ്പെട്ട്, പ്രസവിക്കപ്പെട്ട്, വളർന്ന്, പൂർണതയിലെത്തുന്നു. ചിലർ മന്ത്രിയാകുന്നു, ചിലർ കർഷകർ, ചിലർ ഉദ്യോഗസ്ഥർ, ചിലർ കച്ചവടക്കാർ... എത്ര ശ്രമിച്ചിട്ടും പിടിച്ചുനിൽക്കാനാകാതെ ഒരുനാൾ ജീവൻ പോകുന്നു. ശേഷം, മണ്ണിൽ കുഴിച്ചിടുന്നു, ചിലർ തീയിലിട്ട് ചുടുന്നു, ചിലർ വെള്ളത്തിൽ ഒഴുക്കുന്നു, ചിലർ പറവകൾക്ക് ഇട്ടുകൊടുക്കുന്നു. എന്താണിതിനർഥം? ഇതിനാണോ മനുഷ്യൻ ജനിച്ചത്? ഇങ്ങനെ അവസാനിക്കാനാണ് മനുഷ്യൻ പിറന്നതെങ്കിൽ ഈ ജീവിതത്തിന് എന്താണ് അർഥമുള്ളത്? ഒരു അർഥവുമില്ലെന്ന് ചിലർ ചിന്തിക്കുന്നു. എന്നാൽ അങ്ങനെയല്ല. ജീവിതത്തിന് അർഥമുണ്ട്. അതറിയാൻ, നീ വായിക്കണം, നിന്റെ ഉൾക്കണ്ണുകൊണ്ട് വായിക്കണം. പ്രപഞ്ചത്തിലുള്ളതെല്ലാം തകർന്ന് തരിപ്പണമാകും. നീയും നശിക്കും. പക്ഷേ, നിന്നെ ഞാൻ വീണ്ടും സൃഷ്ടിക്കും. നിനക്ക് നിത്യമായ ഒരു ജീവിതം ഞാൻ വാഗ്ദാനം ചെയ്യുന്നു. ഇതാണ് അല്ലാഹു പറഞ്ഞത്. അതിന് വലിയ ചെലവൊന്നുമില്ല. ഒരു ആശയം നീ ഉൾക്കൊള്ളണമെന്നു മാത്രം. അതിന് വേണ്ടത്


യു. ഷൈജു ● സ്മരണ

# ഖുർആന്റെ വഴിയിൽ സഞ്ചരിച്ച പണ്ഡിതൻ

വീടിന്റെ ഉമ്മറത്തിരുന്ന് സദാ സമയവും സംസാരിക്കുന്ന ഒരാൾ. സംസാരം മുഴുവൻ കനമുള്ള വിഷയങ്ങൾ. മുന്നിലിരിക്കുന്നയാളുടെ മനോഗതം മനസ്സിലാക്കി കാര്യം പറയുന്ന രീതി. അവസാന നാളുകളിലും തേടിയെത്തിയവർക്കെല്ലാം തന്റെ അറിവ് പകർന്നു നൽകുകയായിരുന്നു മുട്ടാണിശ്ശേരിൽ കോയാകുട്ടി മൗലവി. തന്റെ വൈജ്ഞാനിക ദൗത്യം നിർവഹിച്ചു അദ്ദേഹം. പ്രായം എൺപത്തഞ്ച് കടന്ന് മുന്നോട്ടു പോകുമ്പോഴും ഓരോ ദിവസത്തെയും ലോക ചലനങ്ങൾ കൃത്യമായി നോക്കിക്കണ്ട് തന്റെ അഭിപ്രായം രേഖപ്പെടുത്തുകയും പറയുകയും ചെയ്യുമായിരുന്നു. കൂടെ സൂക്ഷിച്ചിരുന്ന ഡയറിയിൽ എഴുതുക മാത്രമായിരുന്നില്ല. അതത് ദിവസം തനിക്ക് ഇഷ്ടപ്പെടുന്ന ലേഖനങ്ങൾ പത്രങ്ങളിൽനിന്ന് വെട്ടിയെടുത്ത് ഡയറിയിൽ ഒട്ടിച്ചുവെക്കും. ഈ ലേഖനങ്ങൾ പിന്നെ റഫറൻസിനായി ഉപയോഗിക്കും.

രോഗത്തെക്കുറിച്ച് ചോദിച്ചാൽ ചിരിക്കും. എന്തെങ്കിലും അസുഖമില്ലാത്തവനെ എന്തിന് കൊള്ളാം എന്ന് ചോദിച്ച് എതിരിടും.

ഇരുപത്തഞ്ചാം വയസ്സോടെ പ്രമേഹം ബാധിക്കുകയും വലിയൊരു ശസ്ത്രക്രിയക്ക് വിധേയനാവുകയും ചെയ്തിട്ടും അദ്ദേഹം രോഗത്തെയല്ല ലോകത്തെയാണ് ശ്രദ്ധിച്ചത്. അതുകൊണ്ടാണ് ഭൗതികശാസ്ത്രം പഠിച്ച് ഖുർആന്റെ വഴിയിലെത്തിയത്. ആരെയും വകവെക്കാതെ, ശരിയെന്ന് താനറിഞ്ഞ ഖുർആന്റെ വഴിയിൽ നടന്നു. കുറഞ്ഞ കാലം കോൺഗ്രസ് രാഷ്ട്രീയത്തിന്റെ ഭാഗമായി. മണ്ഡലം പ്രസിഡന്റായി അതവസാനിക്കുകയും ചെയ്തു. കാര്യങ്ങൾ മനസ്സിലാക്കാനും പറയാനും സമു



ജ്ഞാനമാണ്. ശാശ്വത ജീവിതത്തിനുവേണ്ടി നിനക്ക് എന്തുചെയ്യാൻ കഴിയും എന്ന് മനസ്സിലാക്കിത്തരുന്ന ജ്ഞാനം. ആ ജ്ഞാനമാണ് ഇസ്‌ലാമിന്റെ അടിസ്ഥാന സന്ദേശം.

ഞാൻ അവരോട് പറഞ്ഞു; നിങ്ങൾ മെഡിസിന് പഠിക്കുന്നവരാണ്. ശാസ്ത്രം അറിയുന്നവരാണ്. ഈ ചോദ്യത്തിന്, എന്ത് മറുപടിയാണ് ശാസ്ത്രത്തിന് പറയാനുള്ളത്? ശാസ്ത്രത്തിന്റെ ഭാഷയിൽ ഈ ജീവിതത്തിന്റെ അർഥമെന്താണ്? 3 കോടി വർഷമെടുത്തു ശാസ്ത്രം മനുഷ്യനെ ഇന്നത്തെ നിലയിലെത്തിക്കാൻ. പ്രകൃതിയാണ് മനുഷ്യനെ സൃഷ്ടിച്ചതെന്ന് ശാസ്ത്രം പറയുന്നു. അങ്ങനെ പ്രകൃതിയിലൂടെ മനുഷ്യൻ ഘട്ടം ഘട്ടമായി വളർന്ന് സുന്ദരനായി. പിന്നെ അവനെ കൊണ്ടുപോയി മണ്ണിൽ വെക്കുന്നു. ഇതാണോ മനുഷ്യന്റെ പൂർണത? ഇതിനാണോ ഇത്രയും വർഷമെടുത്ത് ശാസ്ത്രം മനുഷ്യനെ വളർത്തിയത്? യഥാർഥത്തിൽ ഒരിക്കലും അവസാനിക്കാത്ത ജീവിതമല്ലേ മനുഷ്യന്റെ പൂർണത. അതാണ് ഖുർആൻ പറയുന്നത്; മരണമില്ലാത്ത ജീവിതം. അതാണ് പൂർണത. നിന്റെ ആഗ്രഹങ്ങളെല്ലാം പൂർത്തീകരിക്കുന്ന ജീവിതമാണ് ഇതിലൂടെ അല്ലാഹു വാഗ്ദാനം ചെയ്യുന്നത്. ശാസ്ത്രം മനുഷ്യന് വാഗ്ദാനം ചെയ്യുന്നതെന്താണ്? മനുഷ്യനെ മണ്ണിൽ കൊണ്ടുവെച്ചിട്ട്, തീയിലിട്ട് ചുട്ടെരിച്ചിട്ട് ശാസ്ത്രം എന്തിന് ഒളിച്ചോടി? നിങ്ങൾ ഇപ്പോൾ മറുപടി പറയേണ്ട, മദ്രാസിൽ ചെന്ന് നിങ്ങളുടെ പ്രഫസർമാരോട് ചോദിച്ചിട്ട് അറിയിച്ചാൽ മതിയെന്ന് ഞാൻ അവരോട് പറഞ്ഞു. അവർ പോയി, ഇതുവരെ മറുപടിയൊന്നും വന്നില്ല. ഇറ്റലിയിൽ നിന്ന് വന്ന കത്തോലിക്കനായ ഒരു സായിപ്പും എന്നോട് ഇതേ ചോദ്യം ചോദിച്ചിട്ടുണ്ട്. അദ്ദേഹത്തിനും ഇതേ മറുപടിയാണ് ഞാൻ നൽകിയത്.

**മദ്ഹബുകളുടെ ബൗദ്ധിക നിലവാരം**

എന്റെ ഒരു ഗുരുനാഥൻ ഒരിക്കൽ എന്നോട് പറഞ്ഞു, നീ ഹനഫീ മദ്ഹബ് സ്വീകരിച്ചോളൂ, നിനക്ക് അതാണ് നല്ലത്. ലളിതമാണ് ഹനഫീ മദ്ഹബ്. ബൗദ്ധിക നിലവാരമുള്ളതാണത്. മാലികീ മദ്ഹബിന് ആ ഗുണമുണ്ട്. സിംപ്ലിസിറ്റി ഇസ്‌ലാമിന്റെ ജീവനാണ്. ശാഫിഈ മദ്ഹബിലെത്തുമ്പോൾ ആ സിംപ്ലിസിറ്റി ഇല്ലാതാകുന്നു. ഭൗതികവും ബൗദ്ധികവുമായ വളർച്ചക്ക് മാലികീ മദ്ഹബ് വളരെയേറെ പ്രചോ

ദായത്തിൽ ആള് കുറവാണെന്നും അതിന് പരിഹാരം ഉണ്ടാകണമെന്നും എപ്പോഴും പറയുമായിരുന്നു. മലയാള സാഹിത്യത്തിൽ പരന്ന വായന ഉണ്ടായിരുന്നു. മലയാള എഴുത്തുകാരെ വിലയിരുത്തും, അവരുടെ കൃതികൾ വിശകലനം ചെയ്യും. ചങ്ങമ്പുഴയും ആശാനും ബഷീറുമൊക്കെ കടന്നു വരാത്ത സംസാരം തന്നെ നന്നേ കുറവ്. *മുഖദ്ദിമ*യുടെ പരിഭാഷക്ക് വൈക്കം മുഹമ്മദ് ബഷീർ സ്വന്തം കൈപ്പടയിൽ കുറിച്ചു നൽകിയ പേര് കളയാതെ സൂക്ഷിച്ചിരുന്നു.

സംഗീതത്തിൽ ശാസ്ത്രീയ പാണ്ഡിത്യമുള്ളയാളാണ് മുട്ടാണിശ്ശേരി എന്നത് പലർക്കും അപൂർവ അറിവാണ്. കൈയിൽ സൂക്ഷിച്ചിരുന്ന ഓടക്കുഴൽ വായിക്കുന്ന ശീലവും ഉണ്ടായിരുന്നു. ഈയടുത്ത് ഓടക്കുഴൽ വായനയിൽ തൽപരനായ തന്റെ ഒരു സന്ദർശകന് അത് നൽകുകയും ചെയ്തു. കണ്ണിന്റെ കാഴ്ച കുറയുമ്പോഴും വായനയുടെ ആഴം കുറച്ചില്ല. കാഴ്ചപ്പാടിൽ തെല്ലും ഉലച്ചിൽ തട്ടിയില്ല. ഒടുവിൽ ലെൻസ് മാത്രമായിരുന്നില്ല ഒപ്പം ടോർച്ച് കൂടി ഉപയോഗിച്ചായിരുന്നു വായന.

ഇനിയും വെളിച്ചം കാണേണ്ട രചനകളെക്കുറിച്ചും പുതിയ എഴുത്തുകളെക്കുറിച്ചുമായിരുന്നു ആശുപത്രിയിൽ പോകുന്നതിനു മുമ്പ് പറഞ്ഞത്. ഇതുവരെ എഴുതിയ ലേഖനങ്ങളിൽ കരുതിവെച്ചവയത്രയും ഏൽപിക്കുമ്പോഴും വരും തലമുറക്ക് വേണ്ടി എന്തെങ്കിലും ചെയ്യണം എന്നതായിരുന്നു പ്രധാന ആഗ്രഹം.

മുട്ടാണിശ്ശേരി ഏത് സംഘടനയിൽ എന്ന് ചോദിച്ചാൽ, താൻ സമുദായത്തിന്റെ ആളാണെന്ന് പറയും. എന്നിട്ട് സംഘടനകളുടെ നന്മകളെയും തിന്മകളെയും പറ്റി വാചാലനാകും. കാമ്പുള്ള കാര്യങ്ങൾ വിളിച്ചു പറയുന്ന ഒരു ബഹുമുഖ ചിന്തകന്റെ കുറവ് ഇനി നാം അറിയാനിരിക്കുന്നതേയുള്ളൂ. ■

ദനം നൽകിയിട്ടുണ്ട്. സ്പെയിനിൽ മഹത്തായൊരു സംസ്കാരം കെട്ടിപ്പടുക്കാൻ സാധിച്ചതിന്റെ കാരണങ്ങളിലൊന്ന് മാലികീ മദ്ഹബാണ്. ഇബ്നുഖൽദൂനെ പോലൊരു വ്യക്തിത്വത്തെ രൂപപ്പെടുത്തിയെടുക്കാനുള്ള ശക്തി ശാഫിഈ മദ്ഹബിനില്ല. ഇബ്നുഖൽദൂന്റെ നിലവാരമുള്ള, അത്ര അറിവുള്ള എത്ര പേരെ മറ്റു മദ്ഹബുകൾക്ക് സൃഷ്ടിക്കാനായിട്ടുണ്ട്. അതിനൊരു ഉദാഹരണം പറയാം. 'പ്രവാചകൻ വിശുദ്ധമായ ഏടുകൾ ഓതുന്നു' എന്ന, സൂറത്തുൽ *ബയ്യിന*യിലെ ആയത്തിന് ഇബ്നുഖൽദൂൻ നൽകുന്ന വിശദീകരണം ശ്രദ്ധേയമാണ്. നബിയുടെ ജ്ഞാനത്തെ സംബന്ധിച്ചാണത്. പ്രവാചകന് ഓതാൻ കഴിയുന്ന ഒരു പ്രത്യേക ഏടുണ്ട്. ഇമാം ഗസ്സാലി *ഇഹ്‌യ*യിൽ പറഞ്ഞത്, നമുക്കുള്ള മഹല്ലുൽ ഇൽമ് തന്നെയാണ് പ്രവാചകന്മാർക്കും ഉള്ളത് എന്നതാണ്. പക്ഷേ, ഇബ്നുഖൽദൂൻ പറഞ്ഞത് അങ്ങനെയല്ല. നാല് ബോധതലങ്ങൾ ഉണ്ട്. ഉണർന്ന ബോധതലം, സ്വപ്നബോധ തലം, മരണാനന്തര ബോധതലം, പ്രവാചകത്വ ബോധതലം. പ്രൊഫറ്റിക് കോൺഷ്യസ്നസിൽ എഴുതുന്നത് ലൈവായാണ്. അതെപ്പോഴും പ്രവാചകന്റെ മുമ്പിൽ സജീവമായി നിൽക്കുകയാണ്. അത് ഇമാം ഗസാലിക്ക് കാണാൻ കഴിഞ്ഞില്ല. എന്നാൽ, അല്ലാമാ ഇഖ്ബാൽ ഇബ്നുഖൽദൂന്റെ ഈ ചിന്ത മനസ്സിലാക്കിയിട്ടുണ്ട്. യൂറോപ്പിലെ പ്രമുഖ മനഃശാസ്ത്രജ്ഞർക്ക് ആശയങ്ങൾ നൽകിയത് ഇബ്നുഖൽദൂനാണെന്ന് ഇഖ്ബാൽ പറഞ്ഞിട്ടുണ്ട്. 'നിന്നെ ഞാൻ ഓതിക്കും, അപ്പോൾ നീ മറക്കുകയില്ല' എന്ന് അല്ലാഹു പ്രവാചകനോട് പറയുന്നുണ്ട്. ആ ഓതലല്ല നമ്മുടെ ഓത്ത്. പ്രവാചകന്റെ ഓത്ത് മറക്കില്ല, ഹൃദയത്തിൽ തങ്ങി നിൽക്കും. ഹൃദയത്തിലെ ഏടുകൾ എങ്ങനെയാണ് ലൈവായി നിൽക്കുന്നതെന്ന് നമുക്ക് പറയാൻ പറ്റില്ല. ഒരാൾ നബിയോട് ചോദിച്ചു; പ്രവാചകരേ താങ്കൾ ഉറങ്ങുകയാണോ? നബി പറഞ്ഞു: എന്റെ രണ്ട് കണ്ണുകൾ ഉറങ്ങുന്നു, പക്ഷേ, ഹൃദയം ഉറങ്ങുകയില്ല. അവിടെയും ബോധതലം ലൈവ് ആണ്. ഒരു പ്രവാചകന് ഏത് സമയത്തും അല്ലാഹുവിനെ അഭിമുഖീകരിക്കണം. വഹ്‌യ് സ്വീകരിക്കണം. അതുകൊണ്ട് അവരുടെ ഹൃദയം എപ്പോഴും സജീവമായി നിൽക്കണം.

ഇബ്നു റുശ്ദ് സ്പെയിൻകാരനാണ്, ഖാദിയായിരുന്നു. അദ്ദേഹം പറഞ്ഞിട്ടുണ്ട്, 'അല്ലാഹു അവനെ മാത്രമേ അറിയൂ.' എന്തൊരു സ്റ്റേറ്റ്മെന്റാണിത്! തന്നെക്കുറിച്ചല്ലാതെ ഒന്നും അല്ലാഹു അറിയില്ല. അവനിൽ നിന്ന് അന്യമായി ഒന്നുമില്ല. വന്ന സൃഷ്ടികളെല്ലാം അവനിൽനിന്ന്. ഇനി വരാനിരിക്കുന്നതും അവനിൽനിന്ന്. മുഹ്‌യിദ്ദീനുബ്നു അറബി, പ്രസിദ്ധനായ സൂഫി, സ്പെയിൻകാരനായിരുന്നു. *ഉനു ഖാഅ്മുഗ്‌രിബ്* എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്; 'ഈ സമുദ്രത്തിന്റെ അപ്പുറത്ത് ഒരു വൻകര ഞാൻ കാണുന്നു.' അദ്ദേഹത്തിന്റെ മറ്റൊരു വാക്യം: അൽ ഖൽഖു മഅ്ഖൂലുൻ- ലോകം ഒരു ആശയമാണ്, വൽ ഹഖ്ഖു മഹ്സൂസുൻ മശ്ഹൂദുൻ- ദൈവം നേരിട്ടുള്ള അനുഭവമാണ്. ഇങ്ങനെ പറയാൻ മറ്റാര് ധൈര്യം കാണിക്കും?

**കോൺഗ്രസ് പാർട്ടിയിൽ**

1951-ൽ യു.എൻ ദേബാർ കോൺഗ്രസ്സ് പ്രസിഡന്റായി, ഇവിടെ വന്നിരുന്നു. അന്ന് എന്നെ കോൺഗ്രസിന്റെ കായംകുളം മണ്ഡലം പ്രസിഡന്റാക്കി. ആറ് പേരാണ് ആ തെരഞ്ഞെടുപ്പിന് വന്നത്. മണ്ഡലം രണ്ടായി വിഭജിക്കാൻ ഞാൻ ആവശ്യപ്പെട്ടു. അപ്രകാരം വിഭജിക്കുകയും 24 കമ്മിറ്റികൾ ഉണ്ടാക്കുകയും ചെയ്തു. 1959-ൽ വിമോചനസമരം നടന്നു. പനമ്പിള്ളി ഗോവിന്ദമേനോനെ കൊണ്ടുവന്ന് കായംകുളത്തും മുതുകുളത്തും ഞാൻ യോഗം നടത്തി. കെ.പി.സി.സിയുടെ വക്താവ് ഉദയഭാനുവും ആലപ്പുഴ ഡി.സി.സി പ്രസിഡന്റ് കെ.പി.എ ഷരീഫും ഒരിക്കൽ എന്റെ വീട്ടിൽ വന്നു. നല്ല പാട്ടുകാരനായിരുന്നു ഷരീഫ്. നിയമസഭാ തെരഞ്ഞെടുപ്പിൽ കായംകുളത്തുനിന്ന് നിങ്ങൾ മത്സരിക്കണമെന്ന് അവർ പറഞ്ഞു. അഡ്വ. കെ.ഒ ഐഷാബായ് ആണ് ഇടതുപക്ഷ സ്ഥാനാർഥി. നമുക്ക് അവരെ എളുപ്പത്തിൽ തോൽപിക്കാം. ഞാൻ അകത്തുപോയി, *ബറാഅത്ത്* സൂറ വരെ എഴുതി പൂർത്തിയാക്കിയ എന്റെ ഖുർആൻ പരിഭാഷയുടെ കൈയെഴുത്ത് കോപ്പിയെടുത്ത്

**വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവർ ഇവിടെ നിന്ന് ബോംബെയിൽ പോകും. അവിടെ നിന്ന് ഗുജറാത്തിലേക്ക്, പിന്നെ കറാച്ചിയിലേക്ക്. അവിടെ നിന്നാണ് ദുബൈയിലേക്ക് പോവുക. ഇങ്ങനെയാണ് ആദ്യകാലത്ത് വിദേശത്ത് പോയത്. ദുബൈയിൽ ചെന്ന് അറബികളുടെ ഔദാര്യത്തിൽ ജോലി നേടും. അറബികളെപ്പോലെ ഹോസ്പിറ്റാലിറ്റിയുള്ള വേറൊരു ജനതയില്ല ലോകത്ത്. അതുകൊണ്ടാണ് നാം രക്ഷപ്പെട്ടത്.**

കൊണ്ടുവന്ന് ഷരീഫിന്റെ കൈയിൽ കൊടുത്തു. ഷരീഫ് അത് വായിച്ചു. 'ഇതാണ് എന്റെ ലക്ഷ്യം, ഇതിലാണ് ഞാൻ മുന്നോട്ടു പോകുന്നത്. നിങ്ങൾ എന്നെ നിർബന്ധിച്ചാൽ ഞാൻ രാജിവെക്കും'- ഞാൻ പറഞ്ഞു. അതോടെ അവർ മറ്റൊരാളെ തേടി പോവുകയും ചെയ്തു. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലും മറ്റും ഇറങ്ങിക്കളിക്കുകയല്ല മത പണ്ഡിതർ ചെയ്യേണ്ടത്. അവർ ഇസ്‌ലാമിക പ്രബോധന മേഖലയിൽ കേന്ദ്രീകരിച്ചു നിൽക്കണം. ഭൂരിപക്ഷ സമുദായത്തിന് മേധാവിത്വമുള്ള ഇവിടത്തെ സാമൂഹികാന്തരീക്ഷത്തിൽ കോൺഗ്രസ്സിന്റെ പക്ഷത്തു നിൽക്കാൻ അന്ന് നിർബന്ധിതരായിരുന്നു. ആന്റി കോൺഗ്രസ് മനോഭാവത്തിൽ മുന്നോട്ടുപോയാൽ ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. ലീഗിന്റെ പക്ഷത്തു നിന്നാൽ വർഗീയവാദിയായി മുദ്രകുത്തപ്പെടുന്ന അവസ്ഥയായിരുന്നു. അതുകൊണ്ട് കോൺഗ്രസ്സിന്റെ പക്ഷത്തു നിന്നു. എന്റെ ജ്യേഷ്ഠ സഹോദരൻ തന്ന ഉപദേശമായിരുന്നു അത്. അവർ കോൺഗ്രസ് പ്രസിഡന്റായി നിശ്ചയിച്ചപ്പോൾ അത് സമ്മതിച്ചതും അദ്ദേഹത്തിന്റെ പ്രേരണ കൊണ്ടാണ്.

ഞാൻ ഖുർആൻ പരിഭാഷയുമായി മുഹമ്മദ് ഇസ്മാഈൽ സാഹിബിനെ കാണാൻ ചെന്നത് ഖദർ ഇട്ടാണ്. ബാഫഖി തങ്ങളാണ് എന്നെ ഖാഇദെ മില്ലത്തിന് പരിചയപ്പെടുത്തിയത്. എം.എൽ.എ കോർട്ടേഴ്സിലായിരുന്നു കൂടിക്കാഴ്ച. ടി.പി കുട്ട്യമ്മു സാഹിബും ഉണ്ടായിരുന്നു. ഞാൻ മുഹമ്മദ് ഇസ്മാഈൽ സാഹിബിന് സലാം പറഞ്ഞു; അസ്സലാമു അലൈക്കും. അദ്ദേഹം തലയുയർത്തി എന്നെ നോക്കി; വ അലൈക്കുമുസ്സലാം. പിന്നെ ഒന്നും മിണ്ടുന്നില്ല. രണ്ടു മൂന്നു പ്രാവശ്യം ഞാൻ ധരിച്ച ഖദറിലേക്ക് നോക്കി. പിന്നെ മിണ്ടിയില്ല. ഖദറിട്ട കോൺഗ്രസ്സുകാരെ ഇസ്മാഈൽ സാഹിബിന് ഇഷ്ടമായിരുന്നില്ല. കോയാ കുട്ടിയെ മാത്രമേ ഞങ്ങൾ ടോളറേറ്റ് ചെയ്തിട്ടുള്ളൂവെന്ന് കുട്ട്യമ്മു സാഹിബ് പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ സ്വാധീനം കാരണം ഒരു വർഷം കഴിഞ്ഞപ്പോൾ ഞാൻ ഖദർ ഉപേക്ഷിച്ചു. 1965-ൽ ഞാൻ കോൺഗ്രസ് വിട്ടു.

ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ ഭരണം കോൺഗ്രസ്സിന് കിട്ടി. ജവഹർലാൽ നെഹ്റുവായിരുന്നല്ലോ ആദ്യത്തെ പ്രധാനമന്ത്രി. 1947-ൽ ബ്രിട്ടൻ ഇന്ത്യ വിടുമ്പോൾ നെഹ്റുവിന്റെ കൈയിൽ തിബത്തിന്റെ അധികാരം കൊടുത്തു. അവിടെ 3000 പട്ടാളക്കാരുണ്ടായിരുന്നു. അവർക്ക് ഭക്ഷണം കൊടുക്കാൻ ഇന്ത്യക്ക് പ്രയാസമൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ, നെഹ്റു എന്ത് ചെയ്തു? 1963-ൽ ഒരു മുദ്രാവാക്യം ഉയർന്നുവന്നു. 'ഇന്ത്യാ ചീന ഭായി ഭായി'. 1962-'63ൽ ചൗവൻ ലായ് ഇന്ത്യയിൽ വന്നു കൃഷ്ണമേനോന്റെ മധ്യസ്ഥതയിൽ കരാർ ഉണ്ടാക്കി. അതിനനുസരിച്ച് 3000 സൈനികരെ പിൻവലിച്ച് ചൈനക്ക് അധികാരം വിട്ടുകൊടുത്തു. രാജ്യരക്ഷയും കൃഷ്ണമേനോന്റെ സ്വാധീനത്തിലായിരുന്നു. തിബത്തിനെ ഇന്ത്യക്ക് നഷ്ടപ്പെടുത്തിയതുപോലെയുള്ള രാഷ്ട്രീയ പാപ്പരത്തം വേറെയില്ല. തിബത്ത് ലോകത്തിലെ ഏറ്റവും ഉയർന്ന സ്ഥലമാണ്. നമ്മുടെ രാജ്യത്തിന്റെ കൊടി അവിടെ ഇരുന്നാൽ എന്താണ് തെറ്റ്? തിബത്ത് സ്വതന്ത്രമായ ശേഷം ചൈന എന്തു ചെയ്തു? ഇന്ത്യയുടെ മണ്ണ് കൂടി അവർ കൈയടക്കി. 'ഇന്ത്യാ ചീന ഭായി ഭായി' വിളിച്ചവർ ഇന്ത്യയെ ആക്രമിച്ച് 63000 ചതുരശ്ര മൈൽ ഇന്ത്യൻ ഭൂമി പിടിച്ചെടുത്തു. ഇപ്പോൾ അരുണാചൽ പ്രദേശത്തിന്റെ ഭാഗം തങ്ങളുടേതാണെന്ന് അവർ അവകാശപ്പെടുകയാണ്. ഇത് പഴയതിന്റെ തുടർച്ചയാണ്. 'ഇന്ത്യാ ചീന ഭായി ഭായി' മുദ്രാവാക്യം രാഷ്ട്രീയമായി പ്രായോഗികമല്ല. അവനവന്റെ രാജ്യത്തിന്റെ അതിർത്തികൾ സുരക്ഷിതമായി സൂക്ഷിക്കുകയെന്നതാണ് രാജ്യഭരണത്തിന്റെ അടിത്തറ.

നെഹ്റു ഫാമിലിക്ക് ഒരു അരിസ്റ്റോക്രാറ്റിസം ഉണ്ടായിരുന്നു. നെഹ്റു ഭരിക്കുന്ന കാലത്ത് മുസ്‌ലിംകൾക്ക് പാസ്പോർട്ട്



● സദ്റുദ്ദീൻ വാഴക്കാടും മുട്ടാണിശ്ശേരിൽ കോയാകുട്ടി മൗലവിയും

കൊടുക്കില്ലായിരുന്നു. ശേഷം, ഇന്ദിരാഗാന്ധി വന്നപ്പോഴും ആദ്യം ഇതുതന്നെ സ്ഥിതി. ഒരു കലക്ടർ ഉദ്യോഗം കിട്ടുന്നതിനേക്കാൾ പ്രയാസമായിരുന്നു പാസ്പോർട്ട് കിട്ടാൻ. ഇന്ദിരാഗാന്ധിയും അഞ്ചു വർഷം നെഹ്റുവിന്റെ സമീപനം തുടർന്നു. പിന്നെയാണ് മാറ്റം വന്നത്. വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവർ ഇവിടെ നിന്ന് ബോംബെയിൽ പോകും. അവിടെ നിന്ന് ഗുജറാത്തിലേക്ക്, പിന്നെ കറാച്ചിയിലേക്ക്. അവിടെ നിന്നാണ് ദുബൈയിലേക്ക് പോവുക. ഇങ്ങനെയാണ് ആദ്യകാലത്ത് വിദേശത്ത് പോയത്. ദുബൈയിൽ ചെന്ന് അറബികളുടെ ഔദാര്യത്തിൽ ജോലി നേടും. അറബികളെപ്പോലെ ഹോസ്പിറ്റാലിറ്റിയുള്ള വേറൊരു ജനതയില്ല ലോകത്ത്. അതുകൊണ്ടാണ് നാം രക്ഷപ്പെട്ടത്. വിദേശപണം വന്നില്ലായിരുന്നെങ്കിൽ നമ്മുടെ സമൂഹം യത്തീമായി പോകുമായിരുന്നു.

**ദക്ഷിണ കേരളത്തിലെ മുസ്‌ലിംകൾ**

ദക്ഷിണ കേരളമെന്നാൽ തിരുവിതാംകൂറും കൊച്ചിയും ചേരുന്നതാണ്. കഴിഞ്ഞ തലമുറയിൽ ഇവിടെ ആകെ അഞ്ച് ലക്ഷം മുസ്‌ലിംകളാണ് ഉണ്ടായിരുന്നത്. മൂന്നരലക്ഷം തിരുവിതാംകൂറിലും ഒന്നര ലക്ഷം കൊച്ചിയിലും. കുന്നത്തൂർ താലൂക്കായിരുന്നു തിരുവിതാംകൂറിന്റെ അതിർത്തി. അത് കൊച്ചി രാജാവിൽനിന്ന് യുദ്ധം ചെയ്ത് പിടിച്ചെടുത്തതാണ്. മുസ്‌ലിംകൾ ഇവിടെ തീരെ ന്യൂനപക്ഷമായിരുന്നു, മേൽക്കൈയില്ലാതെ, അവഗണിക്കപ്പെട്ട് വലിയ വിഷമത്തിലാണ് കഴിഞ്ഞിരുന്നത്. മലബാറുമായി അടുത്ത ബന്ധവും ഇല്ലായിരുന്നു. അതേസമയം, ദീനീ പഠനത്തിൽ ചില വ്യക്തികൾ നല്ല മിടുക്ക് കാണിച്ചിട്ടുണ്ട്. ഒരുപക്ഷേ, മലബാറിനെക്കാൾ ഉയർന്ന നിലവാരം തെക്കുള്ള പണ്ഡിതന്മാർ പുലർത്തിയിരുന്നു. വക്കം മൗലവിയാണ് അതിൽ ഒന്നാമൻ. വക്കം മൗലവി എന്റെ വീട്ടിൽ വന്നിട്ടുണ്ട്. എന്റെ വലിയ ജ്യേഷ്ഠനായിരുന്നു കൊണ്ടുവന്നത്, ഒരു നബിദിനയോഗത്തിൽ പ്രസംഗിക്കാൻ. 'നബിദിനത്തിന്റെ അന്ന് പരിപാടി വേണ്ട, ഒരാഴ്ച കഴിഞ്ഞ് മതി, കാരണം അടുത്ത തലമുറ ഇതിനെ ദുരുപയോഗം ചെയ്യും' എന്നായിരുന്നു വക്കം മൗലവി ജ്യേഷ്ഠനോട് പറഞ്ഞത്. നബിദിനത്തിന് ശേഷം ഒരാഴ്ച കഴിഞ്ഞാണ് പരിപാടി നടന്നത്. അദ്ദേഹത്തോളം നിലവാരമുള്ള, മലയാള ഭാഷയിൽ പ്രാവീണ്യമുള്ള ഒരു പണ്ഡിതൻ മലബാറിലും ഉണ്ടായിട്ടില്ല എന്നാണ് തോന്നുന്നത്. 'റഹീം' എന്ന പദത്തെ 'കരുണാനിധി' എന്ന് വിവർത്തനം ചെയ്തത് വക്കം മൗലവിയാണ്. ഈജിപ്തിലെ *അൽമനാർ* പത്രത്തിന് അദ്ദേഹമെഴുതിയ കത്ത്, 'ശിക്വൽമനാരി ഇലൽമനാരി'-ഉസ്താദ് ഉമർകുട്ടി മൗലവിയുടെ അടുത്ത്നിന്ന് ഞാൻ വായിച്ചിട്ടുണ്ട്. ആ കത്ത്, *അൽമനാറി*ന്റെ ഒന്നാം പേജിലാണ് അച്ചടിച്ചുവന്നത്.

എന്നാൽ, വക്കം മൗലവി എടുത്ത ഒരു സ്റ്റെപ്പ് തെറ്റിപ്പോയി. അദ്ദേഹം വലിയ വീടും പറമ്പും വിറ്റ് പ്രസ്സ് വാങ്ങി പത്രം തുടങ്ങി. അത് രാമകൃഷ്ണപിള്ളക്ക് ഏൽപിച്ചുകൊടുത്തു. അത് പാടില്ലായിരുന്നു. അന്തപുര രഹസ്യങ്ങൾ എഴുതിയും കൊട്ടാരത്തെ വിമർശിച്ചുമാണ് രാമകൃഷ്ണ പിള്ള പത്രം മുന്നോട്ടു കൊണ്ടുപോയത്. അവസാനം പ്രസ് കണ്ടുകെട്ടി. രാമകൃഷ്ണപിള്ളയെ നാടുകടത്തി. വക്കം മൗലവിയെ വലിയ മഹാനായാണ് തിരുവിതാംകൂർ കൊട്ടാരം കണ്ടിരുന്നത്. അതിനാൽ അദ്ദേഹത്തെ നടപടിയിൽ നിന്ന് ഒഴിവാക്കി. അനാവശ്യമായ രാഷ്ട്രീയ ഇടപെടലായിരുന്നു ആ പത്രം നടത്തിയത്. ലോകത്തിലെ ഏതു കൊട്ടാരത്തിലാണ് വൃത്തികേടില്ലാത്തത്? എല്ലായിടത്തുമുണ്ട്. അതിനെ വിമർശിക്കലായിരുന്നില്ല വക്കം മൗലവിയുടെ പത്രം ചെയ്യേണ്ടിയിരുന്നത്. അത്തരമൊരു രാഷ്ട്രീയ നീക്കം മൗലവി നടത്താൻ പാടില്ലായിരുന്നു. അദ്ദേഹം ദീനീ പ്രബോധനത്തിൽ കേന്ദ്രീകരിക്കേണ്ടിയിരുന്നു. വക്കം മൗലവിയുടെ അടുത്ത തലമുറക്കൊന്നും അദ്ദേഹത്തിന്റെ പാരമ്പര്യം കിട്ടിയില്ല. കാരണം രാഷ്ട്രീയത്തിൽ പെട്ടുപോയതായിരുന്നു. മക്കളൊക്കെ ആ വഴിക്ക് ചിന്തിക്കാൻ തുടങ്ങി. ആ പാരമ്പര്യത്തിൽ വലിയ പണ്ഡിതരുണ്ടായില്ല.

തെക്കൻ കേരളത്തിലെ മുസ്‌ലിം സമൂഹത്തിന്റെ മറ്റൊരു പ്രത്യേകത ആധുനിക വിദ്യാഭ്യാസ രംഗത്ത് നേടിയമുന്നേറ്റമാണ്. മലബാറിൽ പല കാരണങ്ങളാൽ ആദ്യ ഘട്ടത്തിൽ അതുണ്ടായിട്ടില്ല. എന്നാൽ, വലിയ പ്രസ്ഥാനങ്ങളൊന്നും ഇവിടെ നിലവിൽ വന്നില്ല. അതിനു പറ്റിയ തലയെടുപ്പുള്ള നേതാക്കളൊന്നും ഇവിടെ ഉണ്ടായതുമില്ല. സീതി സാഹിബും മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബും ഈ ഭാഗത്തൊക്കെ വരികയുണ്ടായി. 1925-ൽ സീതി സാഹിബ് ഇവിടെ വന്നിരുന്നു. ഗാന്ധിജിയുടെ പ്രസംഗം പരിഭാഷപ്പെടുത്തിയത് അദ്ദേഹമാണ്. പ്രസംഗത്തിൽ Water water everywhere, not a drop to drink എന്ന കവിത ഉദ്ധരിച്ചു ഗാന്ധിജി. ഉടൻ സീതി സാഹിബ് അത് പരിഭാഷപ്പെടുത്തി. 'വെള്ളം വെള്ളം സർവത്ര, തുള്ളി കുടിക്കാനില്ലത്രെ.' പ്രസംഗം കഴിഞ്ഞ ഗാന്ധിജി സീതി സാഹിബിനെ കെട്ടിപിടിച്ചു. ഗാന്ധി പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലായിരുന്നു സദസ്സിന്റെ കൈയടി. സീതി സാഹിബ് വലിയ പ്രഭാഷകനായിരുന്നു. ധീരനായിരുന്നു മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്. അദ്ദേഹത്തെ പോലൊരാൾ തെക്ക് ഭാഗത്ത് ഉണ്ടായിരുന്നെങ്കിൽ വലിയ ഗുണം കിട്ടിയേനെ. ഗാന്ധിജിയുടെ മുന്നിൽ ചെന്നാൽ പായ വലിച്ചിട്ട് ഇരിക്കാൻ ധൈര്യം കാണിച്ചിരുന്ന ഒരേയൊരു നേതാവാണ് അദ്ദേഹം. അത്രക്ക് വലിയ പേഴ്സണാലിറ്റിയായിരുന്നു സാഹിബിന്. ദീനും വ്യക്തിത്വവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. അദ്ദേഹത്തെ പോലെ വ്യക്തിവൈഭവമുള്ള ഒരു നേതാവ് വേറെയില്ല. ഇസ്‌ലാമിന്റെ തനി ഗുണമായിരുന്നു അത്. അദ്ദേഹം കാഫിറാണെന്ന് അഞ്ചാറ് മുസ്‌ലിയാക്കന്മാർ ഫത്‌വയിറക്കിയില്ലേ. തഹജ്ജുദ് നമസ്കാരവും സുന്നത്ത് നോമ്പും വരെ ഉള്ള അദ്ദേഹത്തെയാണ് അവർ കാഫിറാക്കിയത്! ആ ഫത്‌വയിറക്കിയവരിൽ മൂന്ന് മുസ്‌ലിയാക്കന്മാർക്ക് ഭ്രാന്ത് ബാധിച്ചു എന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. ആകസ്മികമായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. ആ മരണം മുസ്‌ലിംകൾക്ക് വലിയൊരു നഷ്ടമായിരുന്നു. ■

sadarvzkd@gmail.com